(ബി) 1998 ജനുവരി മാസം പ്രസിദ്ധീകരിച്ച നഴ്സിംഗ് അസിസ്റ്റന്റ് (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) റാങ്ക് ലിസ്റ്റിൽനിന്നും എത്രപേരെ നിയമിച്ചിട്ടുണ്ട്;

(സി) നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 109 ഒഴിവുകൾ

(ബി) 5 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തേണ്ട നഴ്സിംഗ് അസിസ്റ്റന്റിന്റെ ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നത്. ആരോഗ്യ വകുപ്പിൽ നഴ്സിംഗ് അസിസ്റ്റന്റ് തസ്തിക ആശുപത്രി അറ്റന്റർമാർക്ക് ഉദ്യോഗക്കയറ്റം നൽകിയാണ് നികത്തുന്നത്. ആയതിനാൽ നഴ്സിംഗ് അസിസ്റ്റന്റുമാരുടെ എല്ലാ ഒഴിവുകളും (ജനറൽ) പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യേണ്ടതില്ല.

വിദേശത്ത് ജോലി ചെയ്യുന്ന നഴ്സുമാരുടെ അവധി

167 (3096)ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിൽ നിന്നും അവധിയെടുത്ത് വിദേശത്ത് ജോലി ചെയ്യുന്ന സർക്കാർ ആശുപത്രികളിലെ നഴ്സുമാർക്ക് അവധി നീട്ടിക്കിട്ടുന്നതിന് ബാൻ പീരിയഡ് ഉണ്ടോ;

(ബി) എങ്കിൽ 1992 ഏപ്രിൽ മുതൽ 1999 മാർച്ച് വരെയുണ്ടായിരുന്ന ബാൻ പിരീയഡ് എപ്പോഴെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ ആർക്കെങ്കിലും പ്രത്യേക ഉത്തരവിലൂടെ ലീവ് നീട്ടി കൊടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽ ആർക്കെല്ലാം എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) 1995 ജൂൺ മുതൽ 1996 മേയ് വരെ ബാൻ നിലവിലുണ്ടായിരുന്നു,

(സി) & (ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കാസർഗോഡ് ജില്ലയിലെ ജൂനിയർ ഹെൽത്ത് നഴ്സ് ട്രെയിനിംഗ് സെന്റർ

168 (3097)ശ്രീ. കെ.പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കാസർഗോഡ് പ്രവർത്തിച്ചുവരുന്ന ജൂനിയർ ഹെൽത്ത് നഴ്സ് ട്രെയിനിംഗ് സെന്റർ നിർത്തലാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1996 മുതൽ 13 ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിംഗ് ട്രെയിനിംഗ് സെന്ററുകളും താൽക്കാലികമായി നിറുത്തിവച്ചിട്ടുണ്ട്.

(ബി) സർക്കാർ നടത്തുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിംഗ് ട്രെയിനിംഗ് സെന്ററുകളിൽ പഠിച്ച് പുറത്തുവരുന്നവർക്ക് 2 വർഷം സർക്കാരിൽ നിർബന്ധിത സേവനം ഏർപ്പെടുത്തിയിരുന്നു. എന്നാൽ ബോണ്ട് വാങ്ങി പരിശീലനം പൂർത്തിയാക്കുന്ന എല്ലാ ജെ.പി.എച്ച്.എൻ. മാർക്കും തൊഴിൽ നൽകാൻ കഴിയുന്നതല്ലാ എന്ന പരാതി ശ്രദ്ധയിൽപ്പെട്ടതുകൊണ്ട് ജെ.പി. എച്ച്.എൻ. സ്കൂളുകൾ താൽക്കാലികമായി നിറുത്തിവച്ചു. ഈ മേഖലയിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയാത്തതിനാൽ 9 സ്കൂളുകൾ താൽക്കാലികമായി പുനർ വിനിയോഗം ചെയ്യാനും 4 സ്കൂളുകൾ ഉടനടി തുറക്കാനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

പി.എച്ച്.സികളെകുറിച്ച് പഠിക്കാൻ കമ്മീഷൻ

169 (3098)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പി.എച്ച്.സി കളുടെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് പഠിക്കാൻ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കമ്മീഷൻ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഈ മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രസക്തമല്ല.

"തിരുവനന്തപുരം മെഡിക്കൽകോളേജ് ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ രജിസ്ട്രേഷൻ"

170 (3099)ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽകോളേജ് ഹോസ്പിറ്റൽ ഡെവലപ്പുമെന്റ് സൊസൈറ്റി, ട്രാവൻകൂർ-കൊച്ചിൻ ലിറ്റററി സൈന്റിഫിക്ക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട്, 1955 അനുസരിച്ച് രജിസ്റ്റർ ചെയ്തതായി (രജി.നമ്പർ 530/95) രേഖകളിലുണ്ടോ;

(ബി) ഈ രജിസ്ട്രേഷൻ ഇതിനു ശേഷം റദ്ദു ചെയ്തോ; അത്തരം തീരുമാനം ബന്ധപ്പെട്ടവർ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ ആര് എന്ന് തീരുമാനമെടുത്തു;

(സി) തിരുവനന്തപുരം മെഡിക്കൽകോളേജ് ആശുപത്രി സൂപ്രണ്ട്, ഹോസ്പിറ്റൽ ഡെവലപ്പുമെന്റ് സൊസൈറ്റി ജീവനക്കാർക്ക് പി.എഫ് അനുവദിക്കുന്നത് സംബന്ധിച്ച് ഇ.പി.എഫ് അപ്പലേറ്റ് ട്രിബൂണലിൽ നൽകിയ അപ്പീലിൽ 1.4.1997-ന് ശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ

LIBRARY ARCHIVES Kerala Legislative Assembly